5920466/2023

"ഭരണഭാഷ- മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ:സുഭാഷ് ടി വി ഐ.എ.എസ്)

നമ്പർ.ഇ1/61/2022/ഐ&പിആർഡി തിരുവനന്തപുരം (23-10-2023)

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ്-2022-ലെ എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഫലം പി.ആർ.ഡി ലൈവ് ആപ്പ് മുഖാന്തിരം പ്രസിദ്ധീകരണം-മെ.തോട്ട് റിപ്പിൾസ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തുക അനുവദിച്ച്- ഉത്തരവാകുന്നു

സൂചന: - 1.ഇൻഫർമേഷൻ ഓഫീസർ (വെബ്&ന്യൂ മീഡിയ) സമർപ്പിച്ച 26/W&NM/2022 നമ്പർ കറിപ്പും 11.06.2022 ലെ മെ.തോട്ട് ടെക്നോളോജിസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പ്രൊപ്പോസലും

2. 11.10.2022 ലെ ഇതേ നമ്പർ നടപടി തീർപ്പ്

3. 28.09.2022 ലെ മെ.തോട്ട് റിപ്പിൾസ് ടെക്നോളോജിസ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച TR/2022/06 നമ്പർ ഇൻവോയ്സ്

4. 08.06.2023 ലെ സ.ഉ.(സാധാ) നം.48/2023/ഐ&പിആർഡി

5.25.08.2023 തീയതിയിൽ അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി -ഇൻ ചാർജ്)-ന്റെ അധ്യക്ഷതയിൽ ചേർന്ന കോസ്റ്റ്-കം-ടെക്നിക്കൽ കമ്മിറ്റി യോഗം.

<u>ഉത്തരവ്</u>

പി.ആർ.ഡി ലൈവ് ആപ്പ് മുഖാന്തരം 2022 ലെ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഫലം പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട സൂചന (1) പ്രകാരം മെ.തോട്ട് റിപ്പിൾസ് ടെക്നോളോജിസ് പ്രൈവറ്റ് ലിമിറ്റഡ്എന്ന സ്ഥാപനം പ്രൊപ്പോസൽ സമർപ്പിക്കുകയും, സൂചന (2) പ്രകാരം ടി സ്ഥാപനത്തിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തിരുന്നു. സൂചന (3) പ്രകാരം സ്ഥാപനം ഇൻവോയ്സ് സമർപ്പിച്ചിട്ടുണ്ട്. ഇൻവോയ്സ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| SI No | Particulars | Rate |
|---|---|---|
| 1 | Development Cost | 2,00,000/- |
| 2 | Trial run and load testing | 20,000/- |
| | Sub Total | 2,20,000/- |
| | CGST | 19,800/- |
| | | |

5920466/2023

| | | | |
|---|---|---|---|
| | | SGST | 19,800/- |
| | | Grand Total | 2,59,600/- |

2. നടപ്പ സാമ്പത്തിക വർഷം സൂചന (4) പ്രകാരം 2022 ലെ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഫലം പി.ആർ.ഡി. ലൈവിൽ പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട കടിശ്ശിക തുക അനുവദിക്കുന്നതിലേക്കായി 2,59,600/- രൂപ വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സൂചന (5) പ്രകാരം ചേർന്ന യോഗത്തിൽ മെ.തോട്ട് റിപ്പിൾസ് സമർപ്പിച്ച ഇൻവോയ്സ് പരിശോധിക്കുകയും 2,20,000/- രൂപയും 18% ജി.എസ്.ടി.യും ഉൾപ്പെടെ 2,59,600/- രൂപ അനുവദിക്കാവുന്നതാണെന്നു ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2022 ലെ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഫലം പി.ആർ.ഡി. ലൈവിൽ പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട മെ.തോട്ട് ടെക്നോളോജിസ് പ്രൈവറ്റ് ലിമിറ്റഡിനു 2,59,600/- രൂപ (രണ്ടു ലക്ഷത്തി അൻപത്തൊൻപതിനായിരത്തി അറുന്നൂറ് രൂപ മാത്രം) "2220-60-800-78-സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സർവ്വറിന്റെ മെയിന്റനൻസും (പ്ലാൻ)" ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. അനുവദിക്കുന്ന തുകയിൽ നിന്നും 18% ജി.എസ്.ടി. കിഴിച്ചുള്ള തുകയായ 2,20,000/- രൂപയുടെ 2% തുകയായ 4,400/- രൂപ ടി.ഡി.എസ്. ഇനത്തിൽ കുറവ് ചെയ്തു ശേഷിക്കുന്ന തുകയായ 2,55,200/- രൂപ (രണ്ടു ലക്ഷത്തി അൻപത്തയ്യായിരത്തി ഇരുന്നൂറ് രൂപ മാത്രം) മെ.തോട്ട് ടെക്നോളോജിസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിൽ (Account No.34007758192, SBI Technopark, Thiruvananthapuram, IFSC: SBIN0007617, Pan:AAFCT0163P) ക്രെഡിറ്റ് ചെയ്യേണ്ടതാണ്. ഫല പ്രസിദ്ധീകരണ സമയത്തു എത്ര പേർ ആപ്പ് അക്സസ്സ് ചെയ്തു എന്ന വിവരം മെ.തോട്ട് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് താമസംവിനാ ലഭ്യമാക്കേണ്ടതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

മെ.തോട്ട് റിപ്പിൾസ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് മൊഡ്യൂൾ 3, നാലാം നില, ഗായത്രി, ടെക്നോപാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം.
അഡീഷണൽ ഡയറക്ടർ (ഇ എം ഡി)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)/പ്ലാനിംഗ്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (ബി) വകുപ്പ്, 3 പകർപ്പുകൾ (ഇൻവോയ്സ് സഹിതം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ